## ദൈവമുമ്പാകെ നാം എടുക്കേണ്ട വഴി

**I. ദൈവമുമ്പാകെ നമ്മുടെ ജീവിതത്തിനും വേലയ്ക്കുമുള്ള രണ്ട് വഴികൾ—നാശത്തിലേക്കു നയിക്കുന്ന അനേകർ പ്രവേശിക്കുന്ന വീതിയുള്ള കവാടവും വിശാലമായ വഴിയും, ജീവനിലേക്കു നയിക്കുന്ന ചുരുക്കം പേർ കണ്ടെത്തുന്ന ഇടുക്കമുള്ള കവാടവും ഞെരുക്കവുമുള്ള വഴിയും**

- "ജീവനിലേക്കു നയിക്കുന്ന വഴി" എന്നത് ജീവനിലുള്ള ഒരു ജീവനുള്ള പ്രതിഫലത്തിലേക്ക് നയിക്കുന്ന വഴിയാണ്; അത് നിസ്തുല വഴിയാണ്—സത്യത്തിന്റെ, നേയുള്ള, നീതിയുടെ, സമാധാനത്തിന്റെ, രക്ഷയുടെ, ദൈവത്തിന്റെ, കർത്താവിന്റെ വഴിയാണ്
- നാശത്തിലേക്ക് നയിക്കുന്ന വിശാലമായ വഴി സ്വാഭാവിക അഭിരുചികളെ തൃപ്തിപ്പെടുത്തികൊണ്ട് ലൗകിക വ്യവസ്ഥകൾക്കനുസൃതമാണ്
- ജീവനിലേക്കു നയിക്കുന്ന ഞെരുക്കമുള്ള വഴി ആത്മിക ആവശ്യങ്ങൾ നിറവേറ്റികൊണ്ട് ദിവ്യ നിയന്ത്രണങ്ങൾക്കനുസൃതമാണ്
- നാം നമ്മുടെ ആത്മാവിൽ നടക്കണം; ആത്മാവിൽ നടക്കുന്നത്, ഒരു സാധാരണ ക്രിസ്തീയ ജീവിതം നയിക്കുവാനും ദൈവത്തിന്റെ കെട്ടുപണിക്കുവേണ്ടി ജീവന്റെ മാർഗം എടുക്കുന്ന ജീവസുറ്റ ആരോഗ്യമുള്ള വിശ്വാസികളാകുവാനും നമ്മെ ഇടയാക്കിക്കൊണ്ട് നമ്മെ നിയന്ത്രിക്കുന്നു
- നാം ഞെരുക്കപ്പെടുന്തോറും കൂടുതൽ നിയന്ത്രിക്കപ്പെടുന്നു; നാം കൂടുതൽ നിയന്ത്രിക്കപ്പെടുന്തോറും കൂടുതൽ ആരോഗ്യമുള്ളവരാകുന്നു; ജീവസുറ്റവരാകുക എന്നാൽ ആരോഗ്യമുള്ളവരാകുക എന്നാണ്

## ജീവന്റെ രേഖയിൽ നിലനിൽക്കുവാനുള്ള മാർഗം

**II. നാം ജീവന്റെ വളർച്ചയാൽ ജീവനിലുള്ള ദൈവത്തിന്റെ കെട്ടുപണിക്കുവേണ്ടി ജീവന്റെ ഒഴുക്കിൽ ജീവവൃക്ഷമായി ക്രിസ്തുവിനെ ആസ്വദിച്ചുകൊണ്ട്, ജീവന്റെ മാർഗത്തിൽ, ജീവന്റെ രേഖയിൽ, ജീവന്റെ പരിപാലനത്തിൽ നിലനിൽക്കണം**

**നാം ജീവന്റെ രേഖയിൽ നിലനിൽക്കുവാനുള്ള മാർഗം:**

- ശരിയും തെറ്റും എന്ന തത്വത്തിനൊത്തവണ്ണമല്ല, ജീവന്റെ തത്വത്തിനൊത്തവണ്ണം ജീവിക്കുകയും സേവിക്കുകയും ചെയ്തുകൊണ്ട്
- കർത്താവിനെ പൂർണമായി സ്നേഹിച്ചുകൊണ്ടും, മറ്റുള്ളവരെ അവന്റെ പിന്നാലെ ഓടാൻ ആകർഷിച്ചുകൊണ്ടും
- പ്രാർഥന-വായനയിലൂടെയും വചനത്തെ ധ്യാനിക്കുന്നതിലൂടെയും യേശുവിനെ ഭക്ഷിച്ചുകൊണ്ടും നമ്മുടെ ആത്മാവിനെ പ്രയോഗിച്ചുകൊണ്ട് വചനത്തെ ആത്മാവായി മറ്റുള്ളവരിലേക്ക് ശുശ്രൂഷിച്ചുകൊണ്ടും
- അതിന്റെ ദിവ്യ പ്രാപ്തിയോടുകൂടെ ജീവന്റെ ആത്മാവിന്റെ പ്രമാണമായി ത്രിയേക ദൈവത്തെ ആസ്വദിച്ചുകൊണ്ട്
- അവന്റെ തലയായ്മയിൻകീഴിൽ ജീവന്റെ ഒഴുക്കിൽ ജീവ വൃക്ഷമെന്ന നിലയിൽ ക്രിസ്തുവിൽ വസിച്ചുകൊണ്ടും അവന്റെ ദിവ്യ പ്രകൃതത്തിനൊത്തവണ്ണവും
- നാം ബന്ധപ്പെടുന്ന ആളുകളെക്കുറിച്ച് ശ്രദ്ധാലുക്കളായിരിക്കുന്നതിലൂടെയും—വന്യമായ മരണം, സാവധാനമുള്ള മരണം, കൗശലപരമായ മരണം—എന്നിങ്ങനെ എല്ലാത്തരം ആത്മിക മരണത്തിൽനിന്നും ദൈവത്തിനായി വേർതിരിക്കപ്പെടുന്നതിലൂടെയും
- പുനരുത്ഥാനത്തിൽ, പുനരുത്ഥാന ജീവന്റെ വൃക്ഷമായ പൊൻനിലവിളക്ക് സൂചിപ്പിക്കുന്ന ക്രിസ്തുവിന്റെ ശരീരമായ സഭയുടെ യാഥാർഥ്യത്തിൽ ജീവിച്ചുകൊണ്ട്

## സഭാജീവിതത്തിൽ പ്രയോഗിക്കേണ്ട മാർഗം

**III. സഭയ്ക്കു വേണ്ടിയുള്ള ദൈവനിയോഗിത മാർഗം ഫിലദെൽഫ്യയുടെ മാർഗമാണ്; ഈ ദൈവനിയോഗിത മാർഗം ജീവനിലേക്കു നയിക്കുന്ന ഞെരുക്കമുള്ള വഴിയാണ്**

- ഫിലദെൽഫ്യയിലെ ജയാളികളുടെ സവിശേഷത അവരുടെ സഹോദരസ്നേഹമാണ്; ദൈവത്തിനൊത്തവണ്ണം ജനത്തെ മേയ്ക്കുവാൻ തക്കവണ്ണം സ്നേഹം അവർക്കിടയിൽ പ്രബലമായിരിക്കുന്നു
- ഫിലദെൽഫ്യയാലുള്ള കർത്താവിന്റെ പ്രത്യുദ്ധാരം ഗുണത്തിലുള്ള ഒരു പ്രത്യുദ്ധാരമാണ്, സഭയുടെ യഥാർഥ സാരാംശത്തിന്റെ, ദൈവത്തിന്റെ ആന്തരിക സാരാംശമായ സ്നേഹത്തിന്റെ ഒരു പ്രത്യുദ്ധാരമാണ്
- നാം രൂപാന്തരപ്പെടേണ്ടതിനും ദൈവത്തിന്റെ നാമം, പുതിയ യെരൂശലേമിന്റെ നാമം കർത്താവിന്റെ പുതിയ നാമം എന്നിവയുള്ള ഒരു തൂണായി ദൈവത്തിന്റെ ഭവനത്തിലേക്ക് പണിതുചേർക്കപ്പെടേണ്ടതിനു, നമ്മുടെ ആന്തരിക ആളത്തത്തിലുള്ള വാതിൽ വ്യക്തിനിഷ്ഠമായി തുറക്കുവാൻ ക്രിസ്തു ദാവീദിന്റെ താക്കോൽ ഉപയോഗിക്കുന്നു
- **ഫിലദെൽഫ്യയിലെ ജയാളികൾ**
    - അളവിനേക്കാൾ ഗുണത്തിനുവേണ്ടി കരുതിക്കൊണ്ട്, വേലയെക്കാൾ ജീവനായി കൂടുതൽ ശ്രദ്ധ നൽകുന്നു
    - കർത്താവിന്റെ നിസ്തുല പുതിയനിയമ ശുശ്രൂഷയിൽ അവന്റെ വചനം പാലിക്കുന്നു
    - കർത്താവിന്റെ വചനം പ്രാർഥന-വായന ചെയ്യുകയും ധ്യാനിക്കുകയും ചെയ്തു കൊണ്ട് കാക്കുന്നതിനാൽ, അവർ “ദൈവത്തോട് സമ്പന്നർ” ആകുന്നു
    - കർത്താവിന്റെ നാമം നിഷേധിക്കുന്നില്ല; അവർ കർത്താവായ യേശു ക്രിസ്തുവിന്റെ നാമം ഒഴികെയുള്ള എല്ലാ നാമങ്ങളും ഉപേക്ഷിച്ചിരിക്കുന്നു. അവർ കർത്താവിന്റെ നാമം വിളിച്ചപേക്ഷിക്കുന്നു

## ഈ മാർഗത്തിൽ നിന്നും വീണുപോകുന്ന ഘടകങ്ങൾ ശീതോഷ്ണതയും ആത്മിക നിഗളവും

**IV. ഫിലദെൽഫ്യ ഒരിക്കൽ പരാജയപ്പെട്ടുകഴിഞ്ഞാൽ, അവൾ ലവൊദിക്യയായിത്തീരുന്നു**

- ലവൊദിക്യ വൈകൃതമായ ഫിലദെൽഫ്യയാണ്; സഹോദരസ്നേഹം ഇല്ലാതാകുമ്പോൾ, ഭൂരിപക്ഷത്തിന്റെ അഭിപ്രായം അംഗീകരിക്കപ്പെട്ട അഭിപ്രായമായിരിക്കും; ഭൂരിപക്ഷം അനുകൂലമായിരിക്കുന്നിടത്തോളം അത് ശരിയാണ്
- കർത്താവിന്റെ ദൃഷ്ടിയിൽ, ലവൊദിക്യയുടെ സ്വഭാവവിശേഷങ്ങൾ ശീതോഷ്ണതയും ആത്മിക നിഗളവുമാണ്
- ഫിലദെൽഫ്യയുടെ വഴിയിൽ തുടരാൻ ദൈവമുമ്പാകെ നമ്മെത്തന്നെ താഴ്ത്തുവാൻ നാം ഓർക്കണം